# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *223 — 07.12.2018-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ<br>,, ജെയിംസ് മാത്യു<br>,, പി. ഉണ്ണി<br>,, ആന്റണി ജോൺ :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | 03.03.2018-ലെ സ.ഉ(എം.എസ്)നം. 21/2018/പജ. പവ.വിവ ഉത്തരവ് പ്രകാരം ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി പരിശോധനയ്ക്ക് ശേഷം വിലനിർണ്ണയം നടത്തി വാങ്ങി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ് ടി പദ്ധതി. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ഭൂമി അനുവദിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്; | ബി) | പ്രസ്തുത പദ്ധതി പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട, ഭൂരഹിതരായ 3000 പേർക്ക് ഭൂമി നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 20.07.2002-ലെ ജി.ഒ.(പി) നം.41/2002/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭൂരഹിതരെ അന്തിമമായി തീരുമാനിക്കുന്നതിനുള്ള നടപടികളും ഭൂമി വാങ്ങുന്നതിനോടൊപ്പം ജില്ലാതലത്തിൽ നടന്നുവരുന്നു. ഒരാൾക്ക് പരമാവധി ഒരേക്കർ ഭൂമി വാങ്ങി നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ വിൽപ്പനയ്ക്ക് ലഭിക്കുന്ന ഭൂമിയുടെ അളവിന്റേയും ഭൂരഹിതരായ ഗുണഭോക്താക്കളുടെ എണ്ണത്തിന്റേയും അടിസ്ഥാനത്തിൽ ഭൂമിയുടെ അളവ് അതാത് ജില്ലാ മിഷനുകൾക്ക് തീരുമാനിക്കാവുന്നതാണ്. |
| സി) | പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി വിലയ്ക്ക് നൽകാൻ തയ്യാറായ ഭൂവുടമകളെ കണ്ടെത്താനും ഇവരിൽ നിന്ന് ഭൂമി വിലയ്ക്ക് വാങ്ങി ലാൻഡ് ബാങ്ക് രൂപീകരിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | സി) | ലാന്റ് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരെ കണ്ടെത്തുന്നതിനായി, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പത്രമാധ്യമങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും റവന്യൂ, പട്ടികവർഗ്ഗ വികസനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഓഫീസ് മുഖേനയും പ്രൊമോട്ടർമാർ മുഖേനയും മറ്റും വ്യാപക പ്രചാരണം നൽകി ഭൂഉടമകളിൽ നിന്നും ഓഫറുകൾ സ്വീകരിച്ചിട്ടുണ്ട്. കുറഞ്ഞത് ഒരേക്കർവരെ ഭൂമിയുള്ളവരുടെ ഓഫറുകളാണ് പരിഗണിക്കുന്നത്. ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുടെയും ഓഫറുകൾ ലഭിച്ചിട്ടുണ്ട്. അനിവാര്യമായി വരുകയാണെങ്കിൽ മാത്രം ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുടെ അപേക്ഷകളും പരിഗണിക്കാവുന്നതാണ്. അപ്രകാരം കണ്ണൂർ, |

| | | | |
|---|---|---|---|
| | | | പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ ഒഴികെ മറ്റെല്ലാ ജില്ലകളിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. കണ്ണൂർ ജില്ലയിലെ ആറളത്ത് വാസ യോഗ്യമായ ഭൂമി വിതരണത്തിന് അവശേഷിക്കുന്നതിനാലും അട്ടപ്പാടി മേഖലയിൽ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന നടപടി നടന്നുവരുന്നതിനാലും കണ്ണൂരിലും അട്ടപ്പാടി മേഖലയിലും തൽക്കാലം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. അപ്രകാരം സംസ്ഥാനമൊട്ടാകെ 678 ഭൂഉടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫർ ലഭിച്ചിട്ടുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, റേഞ്ച് ഓഫീസർ (വനവുമായി അതിർത്തി പങ്കിടുന്ന ഭൂമിയിൽ) എന്നിവരടങ്ങിയ ഒരു കമ്മിറ്റി ഭൂമി പരിശോധിച്ച് പ്രസ്തുത സ്ഥലം പുനരധിവാസത്തിന് വാങ്ങുവാൻ അനുയോജ്യമാണോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ടി.ആർ.ഡി.എം/ ജില്ലാ കളക്ടർക്ക് നൽകുന്നതാണ് ആദ്യഘട്ടം. ടി പ്രവർത്തനങ്ങൾ നടന്നുവരവെ നിർഭാഗ്യവശാൽ ഉണ്ടായ മഹാപ്രളയത്തെത്തുടർന്ന് മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഫീൽഡ് പരിശോധനയ്ക്ക് ലഭിക്കാത്ത സാഹചര്യമുണ്ടായതിനെ തുടർന്ന് പദ്ധതി ലക്ഷ്യമിട്ട പ്രകാരം ആദ്യഘട്ടം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ പദ്ധതിയുടെ ഭാഗമായ ആദ്യഘട്ട ഫീൽഡ് പരിശോധന ഊർജ്ജിതമായി നടന്നുവരുന്നു. 01.12.2018 വരെ ആകെയുള്ള, ഭൂമി നൽകാൻ തയ്യാറുള്ള 678 അപേക്ഷകരുടെ ഭൂമിയിൽ 324 അപേക്ഷകരുടെ 712.29 ഏക്കർ ഭൂമി ആദ്യഘട്ട ഫീൽഡ് പരിശോധന പൂർത്തീകരിച്ചു. അതിൽ 161 അപേക്ഷകരുടെ 428.21 ഏക്കർ ഭൂമി അനുയോജ്യമെന്നും 202 അപേക്ഷകരുടെ 249.91 ഏക്കർ ഭൂമി അനുയോജ്യമല്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.<br><br>ജില്ലാമിഷന് സമർപ്പിച്ച 161 അപേക്ഷകരുടെ ഭൂമി ജില്ലാതല സ്ക്രൂട്ടണി കമ്മിറ്റി പരിശോധിച്ച് ഭൂമിയുടെ അനുയോജ്യത ഉറപ്പുവരുത്തി വില നിശ്ചയിച്ച് വാങ്ങി വിതരണം ചെയ്യുന്ന നടപടി പുരോഗമിക്കുകയാണ്. വയനാട് ജില്ലയിൽ സ്ഥിരമായി മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 144 കുടുംബങ്ങളെ 10 സെന്റ് വീതം ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി 24.39 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് 6 കോടി രൂപ അനുവദിച്ചു. ടി ഭൂമി സർവ്വെ ചെയ്യുന്ന നടപടി നടന്നു വരുന്നു. ഡിസംബർ മാസത്തിൽ ടി ഭൂമി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം ജില്ലാതലത്തിൽ നടന്നുവരുന്നു. ടി കുടുംബങ്ങൾക്ക് ഇപ്പോൾ കൈവശമുള്ള ഭൂമി കൃഷി ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ജില്ലാ മിഷനിൽ സമർപ്പിക്കുന്ന അപേക്ഷകൾ ഒരു മാസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തി വരികയാണ്. |

| | | | |
|---|---|---|---|
| ഡി) | ഭൂരഹിതരായ ആദിവാസി കുടുംബ ങ്ങൾക്ക് ഭൂമി നൽകാൻ മുൻ സർക്കാർ ആരംഭിച്ച 'ആശിക്കും ഭൂമി ആദിവാസിക്ക്' എന്ന പദ്ധതിയെ ക്കുറിച്ച് ക്രമക്കേടും ആക്ഷേപങ്ങളും ഉയർന്നിരുന്ന സാഹചര്യത്തിൽ യാതൊരു പരാതിയ്ക്കും ഇട നൽകാതെ പ്രസ്തുത പദ്ധതി പ്രകാരം താമസയോഗ്യവും കൃഷിയോഗ്യവു മായ ഭൂമി കണ്ടെത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിന് 23.10.2013-ലെ സ.ഉ(എം.എസ്) 84/2013/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ പദ്ധതിയാണ് "ആശിക്കുംഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതി. ഈ പദ്ധതി പ്രകാരം സ്വന്തമായി ഭൂമി കണ്ടെത്തിക്കൊണ്ട് വരുന്നവർക്ക് പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് ഭൂമി വാങ്ങി നൽകിയിരുന്നു. എന്നാൽ ടി പദ്ധതി സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉണ്ടായ സാഹചര്യ ത്തിലാണ് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്നതിന് പദ്ധതി 03.03.2018-ലെ സ.ഉ(എം.എസ്)നം. 21/18/പജ.പവ.വിവ ഉത്തരവ് പ്രകാരം ആവിഷ്കരിച്ചിട്ടുള്ളത്. ആശിക്കും ഭൂമി പദ്ധതിയിലെ ഭൂമി വാങ്ങി നൽകുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിനും നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 03.03.2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂരഹിത പട്ടിക വർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള ഭൂമി ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടപടിക്രമം പാലിച്ച് വാങ്ങി അർഹതയുള്ളവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി, പരാതിക്ക് ഇടനൽകാതെ നടപ്പിലാക്കുന്നതിനായി, ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരെ, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച്, പത്രമാധ്യമങ്ങളിൽ പരസ്യം നൽകി, വെബ്സൈറ്റ് വഴി വിവിധ ഓഫീസുകളിൽ കൂടി വ്യാപക പ്രചാരണം നൽകിയാണ് കണ്ടെത്തിയത്. കണ്ടെത്തിയ ഭൂമി രണ്ട് ഘട്ടങ്ങളിലായി രണ്ട് കമ്മിറ്റികൾ ഫീൽഡ് പരിശോധന നടത്തി അതിന്റെ അനുയോജ്യത നിർണ്ണയിക്കുന്നുണ്ട്. കൂടാതെ വില നിശ്ചയിച്ച ശേഷം ടി വിവരം പരസ്യപ്പെടുത്തി ആക്ഷേപങ്ങൾ സ്വീകരിക്കുന്നുണ്ട്. നടപടിക്രമം പൂർത്തീകരിച്ച് 144 പേർക്ക് ഭൂമി വാങ്ങിയ വയനാട് ജില്ലയിൽ ടി നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലും യഥാസമയം വില നിർണ്ണയം, ഭൂമിയുടെ വിവരം എന്നിവ പ്രസിദ്ധപ്പെടുത്തി ആക്ഷേപങ്ങൾ സ്വീകരിച്ച ശേഷം മാത്രമായിരിക്കും അന്തിമ തീരുമാനം കൈക്കൊള്ളുക. പരാതികളും ആക്ഷേപങ്ങളും ഒഴിവാക്കുന്നതിനായിട്ടാണ് ഇത്തരം നടപടി സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ